കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റിയുടെ മറൈൻ ഡ്രൈവ് മൈതാനത്തു 37-ാ മത് കൊച്ചിൻ ഫ്ളവർ ഷോ 2019 നടത്തുന്നതിന് പ്രതിദിനവാടകയിൽ 25% ഇളവ് അനുവദിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2299/2018/തസ്വഭവ. തിരുവനന്തപുരം,തീയതി: 21/08/2018**

---

പരാമർശം:- എറണാകുളം ഡിസ്ട്രിക്റ്റ് അഗ്രി-ഹോർട്ടികൾച്ചറൽ സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷ.

## ഉത്തരവ്

37-ാ മത് കൊച്ചിൻ ഫ്ളവർ ഷോ 2019 - ന്റെ നടത്തിപ്പിലേക്കായി 2018 ഡിസംബർ 28 മുതൽ 2019 ജനുവരി 18 വരെ എറണാകുളം മറൈൻ ഡ്രൈവ് മൈതാനം സൗജന്യമായി അനുവദിച്ചു നൽകണം എന്ന് അപേക്ഷിച്ചുകൊണ്ടു എറണാകുളം ഡിസ്ട്രിക്റ്റ് അഗ്രി-ഹോർട്ടികൾച്ചറൽ സൊസൈറ്റി സെക്രട്ടറി പരാമർശ പ്രകാരം സർക്കാരിന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

(2) മൈതാനം അനുവദിക്കുന്നതിനു മുമ്പ് അപേക്ഷകൻ ആയതു സംബന്ധിച്ച തുക വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി മുമ്പാകെ അടക്കേണ്ടതാണ് എന്ന വ്യവസ്ഥയോടെ, എറണാകുളം മറൈൻ ഡ്രൈവ് മൈതാനത്തു 28.12.2018 മുതൽ 18.01.2019 വരെ എറണാകുളം ഡിസ്ട്രിക്റ്റ് അഗ്രി-ഹോർട്ടികൾച്ചറൽ സൊസൈറ്റി നടത്തുന്ന 37-ാ മത് കൊച്ചിൻ ഫ്ളവർ ഷോ 2019 - ന് മൈതാനത്തിന്റെ പ്രതിദിനവാടകയിൽ 25% ഇളവനുവദിക്കുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി എം.ആർ.**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
സെക്രട്ടറി, എറണാകുളം ഡിസ്ട്രിക്റ്റ് അഗ്രി-ഹോർട്ടികൾച്ചറൽ സൊസൈറ്റി, ഓൾഡ് കളക്ടറേറ്റ് ക്യാമ്പസ്, സുഭാഷ് ബോസ് പാർക്കിന് എതിർവശം, കൊച്ചിൻ - 682011
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**